**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **02-02-2024 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിലവിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2023 മെയ് 26ന് പി.എസ്.സി നടത്തിയ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ 41 ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത 41 ഒഴിവുകളിൽ ഒരു ഒഴിവ് ഹിന്ദു നാടാർ വിഭാഗത്തിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പി.എസ്.സി മാറ്റി വച്ചിട്ടുള്ളതാണ്. |
| (ബി) | മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സ്റ്റാഫ് സ്ട്രെങ്ത് പര്യാപ്തമാണോ; അല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | പര്യാപ്തമല്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സ്റ്റാഫ് സ്ട്രെംഗ്ത് പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | മോട്ടോർ വാഹന വകുപ്പിൽ തസ്തിക രൂപീകരണത്തിലൂടെയും റിട്ടയർമെന്റിലൂടെയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളിൽ കൂടി നിയമനം ലഭിക്കുന്നതിനുള്ള അവസരം ഉദ്യോഗാർത്ഥികൾക്ക് നഷ്ടപ്പെടാതിരിക്കാൻ ആനുപാതികമായി കൂടുതൽ ഉദ്യോഗാർത്ഥികളെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് വകുപ്പ് പി.എസ്.സി യോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ? | (സി) | മോട്ടോർ വാഹന വകുപ്പിൽ അടുത്ത മൂന്ന് വർഷ കാലയളവിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പ്രതീക്ഷിത ഒഴിവുകളുടെ വിവരം പി.എസ്.സി-യെ 10.08.2023 തീയതിയിൽ ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ